**ASHWAS PUBLIC AMENITIES KERALA LIMITED**

***(A Government of Kerala Undertaking)***

Address: Office of the Managing Director
Old PWD Store Compounds, PMG
Vikas Bhavan P O , Thiruvananthapuram-695033
**Email id:** ***apakl.pwd@gmail.com***

---

**ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്,**
**തിരുവനന്തപുരം**
(ഒരു കേരള സർക്കാർ സ്ഥാപനം)

**നം. APAKL/AC/2/2025-AE** **തീയതി: 10-09-2026**

## പുനദർഘാസ് പരസ്യം

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് കമ്പനിയുടെ കീഴിലുള്ള മലപ്പുറം ജില്ലയിലെ തിരൂർ താഴെപ്പാലം ജംഗ്ഷനിൽ തീരദേശ ഹൈവേയ്ക്ക് സമീപം സ്ഥിതിചെയ്യുന്ന തിരൂർ അമിനിറ്റി സെന്റർ പൊതുജന ഉപയോഗത്തിനായി തുറന്നുകൊടുക്കുന്നതിന് സമാനമായ രീതിയിൽ അമിനിറ്റി സെന്ററുകൾ നടത്തി മുൻപരിചയമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

പ്രസ്തുത അമിനിറ്റി സെന്ററിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും അംഗപരിമിതർക്കും പ്രത്യേകം ടോയ്ലറ്റ് സൗകര്യങ്ങൾ, ഒരു കോഫി ഷോപ്പ്, യാത്രക്കാർക്ക് ഹ്രസ്വ വിശ്രമത്തിനായി അറ്റാച്ച്ഡ് ടോയ്ലറ്റോടുകൂടിയ 5 വിശ്രമ മുറികൾ എന്നിവ സജ്ജീകരിച്ചിരിക്കുന്നു. ഏകദേശം 1200 ചതുരശ്ര അടിയുള്ള ഇരുനില സെമി പെർമനന്റ് കെട്ടിടമാണ് ഇത്. ആവശ്യമായ ഫർണിച്ചറുകളും മറ്റ് സാമഗ്രികളും സ്വന്തം ചെലവിൽ ലഭ്യമാക്കുകയും വൈദ്യുതി, വെള്ളക്കരം എന്നിവ ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കി കെട്ടിടം കേടുപാടുകൾ കൂടാതെ പരിപാലിച്ച് പൊതുജനങ്ങൾക്ക് ന്യായമായ നിരക്കിൽ സേവനം ലഭ്യമാക്കേണ്ടതാണ്. **നിലവിൽ വെള്ളക്കരമോ, വൈദ്യുതി ചാർജ്ജോ കുടിശ്ശികയുണ്ടെങ്കിൽ ടെണ്ടർ ലഭിക്കുന്ന വ്യക്തി ടി കുടിശ്ശികകൾ അടച്ചു തീർത്ത് സ്ഥാപനം**

നടത്തിക്കൊണ്ട് പോകേണ്ടതാണ്.

പ്രതിമാസ അടിസ്ഥാന വാടക നിരക്ക് 35,000/- + 18% GST ആയിരിക്കും. നടത്തിപ്പ് കാലാവധി മൂന്ന് വർഷമായിരിക്കും. ഓരോ വർഷവും മുൻ വർഷത്തെക്കാൾ 10% വർദ്ധനവോടെ വാടക എല്ലാ മാസവും മുൻകൂറായി അടയ്ക്കേണ്ടതാണ്. ഏറ്റവും കൂടിയ മാസവാടക ക്വോട്ട് ചെയ്യുന്ന ആളുടെ പേരിൽ കരാർ ഉറപ്പിക്കുന്നതാണ്.

ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് സമാന രീതിയിലുള്ള സെന്ററുകൾ നടത്തി പരിചയമുണ്ടായിരിക്കണം.
പരിചയം തെളിയിക്കുന്ന രേഖകളും മുൻ കരാറുകളുടെ പകർപ്പുകളും സമർപ്പിക്കേണ്ടതാണ്.
• സിംഗിൾ ടെണ്ടർ ലഭിക്കുന്ന പക്ഷം അത് നിരസിച്ച് പുനർ ടെണ്ടർ നടത്തുന്നതാണ്.
• ടെണ്ടർ നിർത്തിവെയ്ക്കുന്നതിനും നീട്ടിവെയ്ക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

ടെണ്ടറിൽ പങ്കെടുക്കുന്നതിന് മുന്നോടിയായി അമിനിറ്റി സെന്റർ തുറന്ന് കണ്ട് ബോധ്യപ്പെടുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.ടെണ്ടറിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ e-tender -വെബ്സൈറ്റ് വഴി (https://etenders.kerala.gov.in) ടെണ്ടർ ഫീസായ രൂപ 1000/-+GST = രൂപ 1180/-ഓൺലൈനായി ഒടുക്കി ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. നിരതദ്രവ്യമായി രൂപ 15,000/- ഓൺലൈനായി ഒടുക്കേണ്ടതാണ്.

ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തിയുടെ ഇലക്ഷൻ ഐഡിയുടെയും ആധാർ കാർഡിന്റെയും അറ്റസ്റ്റഡ് കോപ്പിയും മേൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതകൾ തെളിയിക്കുന്ന രേഖകളും സഹിതം 25-09-2026 തീയതി 2 മണിക്ക് മുമ്പായി e-tender വെബ്സൈറ്റ് വഴി (https://etenders.kerala.gov.in) ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

ദർഘാസുകൾ 28-09-2026 ന് 2 മണിക്ക് തുറക്കുന്നതും സിംഗിൾ ടെണ്ടറാണ് ലഭിക്കുന്നതെങ്കിൽ ആയത് നിരാകരിക്കുന്നതും, പുനർ ടെണ്ടർ നടത്തുന്നതുമാണ് . ടെണ്ടർ തുറക്കുന്ന ദിവസം പൊതു അവധി ആകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം വൈകുന്നേരം 2 മണിക്ക് തുറക്കുന്നതുമാണ്

ടെണ്ടർ ലഭിച്ച കരാറുകാരൻ **200** രൂപയുടെ സ്റ്റാമ്പ് പേപ്പറും, സെക്യൂരിറ്റി ഡിപ്പോസിറ്റായി **2** ലക്ഷം രൂപയുടെ ക്യാഷ് ഡെപ്പോസിറ്റും, **4** ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരണ്ടിയും ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതും **10** ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ്.

മറ്റ് നിബന്ധനകൾ :

1. ടെണ്ടർ ലഭിക്കുന്ന വ്യക്തി ടി സ്ഥാപനം ആശ്വാസ് അമിനിറ്റി സെന്റർ കേരള ലിമിറ്റഡിന്റെ **(A Government of Kerala Undertaking)** അധീനതയിലുള്ള സ്ഥലമാണെന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്.
2. തിരൂർ അമിനിറ്റി സെന്റർ റോഡ് വികസനത്തിനോ മറ്റാവശ്യങ്ങൾക്കോ ആവശ്യപ്പെടുന്ന പക്ഷം കരാർ ഏറ്റെടുക്കുന്ന വ്യക്തി, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിനു ബാധ്യത വരാത്ത രീതിയിൽ ഒഴിയേണ്ടതാണ് .
3. അമിനിറ്റി സെന്റർ, അനുബന്ധ പരിസരവും സദാസമയം വൃത്തിയോടെ പരിപാലിക്കേണ്ടതും മാലിന്യങ്ങൾ മാനദണ്ഡങ്ങൾ പ്രകാരം യഥാസമയം നീക്കം ചെയ്യേണ്ടതാണ്.

ടെണ്ടർ നിർത്തിവെയ്ക്കുന്നതിനും, നീട്ടി വെയ്ക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്ടെണ്ടർ . സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി ആശ്വാസ് പബ്ലിക് അമിനിറ്റീസ് **0471-)** കേരള ലിമിറ്റഡ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് **2323259).**

Digitally signed by
HUYGHEEN ALBERT
Date: 10-09-2026
16:36:01

**മാനേജിംഗ് ഡയറക്ടർ,**

**ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്**

**പി എം ജി, വികാസ് ഭവൻ പി. ഓ**

**തിരുവനന്തപുരം.695033**

പകർപ്പ്:

1. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ഭരണം വിഭാഗം
2. സൂപ്രണ്ടിങ് എഞ്ചിനീയർ , നോർത്ത് സർക്കിൾ (നിരത്ത് / കെട്ടിടങ്ങൾ / പാലങ്ങൾ വിഭാഗം

)

3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്ത് / കെട്ടിട വിഭാഗം, മലപ്പുറം.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് / കെട്ടിട ഉപവിഭാഗം, പരപ്പനങ്ങാടി
5. അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്ത് / കെട്ടിട വിഭാഗം, തിരൂർ.
6. ജില്ലാ കളക്ടർ , കളക്ടറേറ്റ്, മലപ്പുറം.
7. പബ്ലിക് റിലേഷൻ ഓഫീസർ ,കളക്ടറേറ്റ്, മലപ്പുറം.
8. സെക്രട്ടറി, തിരൂർ നഗരസഭ